**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

**പ്രസിഡന്റ്** — **ജനറൽ സെക്രട്ടറി**

**കെ.പി.ധനപാലൻ Ex.MP** — **സിബിക്കുട്ടി ഫ്രാൻസിസ്**

തിരുവനന്തപുരം
08.03.2017

**നമ്പർ. 2/2017**

## സർക്കുലർ

സുഹൃത്തേ,

സ്റ്റേറ്റ് കൗൺസിൽ 27.2.2017 രാവിലെ 11.30 ന് പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ട്രഷറർ സ്വാഗതവും ജനറൽ സെക്രട്ടറി റിപ്പോർട്ടും മിനിറ്റ്സും അവതരിപ്പിച്ച് അംഗീകാരം നേടി. 27, 28 തീയതികളിൽ നടന്ന ചർച്ചയിൽ 126 സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. KSEB Ltd ൽ നിലവിലുള്ള സാഹചര്യങ്ങൾ ചർച്ചയിൽ വിലയിരുത്തി. മുടങ്ങിക്കിടന്ന DA, Sub Engineer ട്രെയിനിമാരുടെ കാലാവധി നീട്ടൽ, പ്രമോഷനുകൾ, ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാർ നൽകേണ്ടുന്ന അധിക നികുതി തുടങ്ങിയ വിഷയങ്ങൾ ഒരോന്നായി ചർച്ച ചെയ്തു. മാർച്ച് 10 ന്മുമ്പ് ഇനിയും ബാങ്ക് അക്കൗണ്ട് തുടങ്ങാത്ത ഡിവിഷൻ കമ്മിറ്റികൾ ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്നും തുടങ്ങിയില്ലായെങ്കിൽ വിഹിതം പിന്നീട് നൽകുന്നതല്ലായെന്നും പ്രസിഡന്റ് അറിയിച്ചു. വസ്തു വാങ്ങിയതിന്റെ വിശദ വിവരങ്ങൾ റിപ്പോർട്ടിൽ അവതരിപ്പിച്ചു.

എം.എസ്.റാവുത്തർ സ്മാരക മന്ദിരത്തിന്റെ ശിലാസ്ഥാപനം ചടങ്ങ് മാർച്ച്/ഏപ്രിൽ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു. ചടങ്ങിൽ INTUC അഖിലേന്ത്യാ പ്രസിഡന്റിനെ ക്ഷണിക്കുവാനും അതോടൊപ്പം കോൺഗ്രസ്സ് പാർട്ടിയുടേയും INTUC യുടെ പ്രധാനപ്പെട്ടവരെ ക്ഷണിക്കുവാനും തീരുമാനിച്ചു. സ്മാരക മന്ദിരത്തിനുവേണ്ടി വാങ്ങിയ സ്ഥലം ഉചിതമായിടത്താണെന്ന് ഭൂരിപക്ഷം അംഗങ്ങളും അഭിപ്രായപ്പെട്ടു. ഇതിനു ശ്രമിച്ച 7 അംഗ കമ്മിറ്റിയെ അഭിനന്ദിച്ചു. സ്മാരക മന്ദിരത്തിന്റെ പണി സുതാര്യമാക്കുന്നതിന്റെ ഭാഗമായി open tender വിളിക്കാനും തീരുമാനിച്ചു. നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് താഴെപ്പറയുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തി. കെ.പി.ധനപാലൻ, സിബിക്കുട്ടി ഫ്രാൻസിസ്, വി.ഗോപകുമാർ, എം.വി.മനോജ്, കെ.സി.രാജൻ, പ്രതീപ് കുമാർ.എസ്, ആർ.അജിത്കുമാർ, ജോസ്ഫിലിപ്പ്, ഷാഹുൽ ഹമീദ്, ഷാജിഖാൻ, നൂറുദ്ദീൻ. കെ.ഷൺമുഖൻ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാനും തീരുമാനിച്ചു.

**ജില്ലാ ധർണ്ണ**

കഴിഞ്ഞ 10 മാസമായി KSEB Ltd ൽ നടക്കുന്ന തൊഴിലാളി ദ്രോഹ നടപടികൾക്കും വഞ്ചനയ്ക്കുമെതിരെ 2017 മാർച്ച്.14 ന് ധർണ്ണ നടത്തുവാൻ തീരുമാനിച്ചു. ജില്ലാതല പാർട്ടി നേതാക്കൻമാരുടെ സാന്നിദ്ധ്യം ധർണ്ണയിലുണ്ടാകണം. പോസ്റ്ററുകൾ ഇതിനോടകം താങ്കളുടെ ഡിവിഷനിൽ എത്തിച്ചിട്ടുണ്ട്. Flex board എല്ലാ സ്ഥലങ്ങളിലും വയ്ക്കണം. ജില്ലാതലത്തിൽ Bit Notice പുറത്തിറക്കണം. കോൺഫെഡറേഷന്റെ പേരിൽ നമ്മുടെ അംഗങ്ങളുടെ പേര് ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയ്ക്കെതിരെ ലേബർ കമ്മീഷ്ണർ ഓഫീസിൽ പരാതി നൽകി. ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും കൗൺസിൽ നിർദ്ദേശിച്ചു. Annual Return സമർപ്പിച്ചതിനുശേഷം സംസ്ഥാന സമ്മേളനത്തിന് വേണ്ടിയുള്ള കൂപ്പണുകൾ ഉടൻ അയച്ചുതരുന്നതാണ്.

കൗൺസിൽ 28.2.2017 ചൊവ്വാഴ്ച കൃത്യം 6 pm ന് അവസാനിച്ചു.

എം.എസ്.റാവുത്തർ സ്മാരക മന്ദിരത്തിന്റെ പണി പൂർത്തിയാക്കുന്നതിലേയ് ക്കായി ട്രസ്റ്റ് ഫണ്ടിലേക്ക് 20 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്യുവാൻ കൗൺസിൽ തീരുമാനിച്ചു. ഡ്യൂട്ടിക്കിടയിൽ അപകടം പറ്റിയിട്ടുള്ളവർക്കുള്ള സഹായം ഇനിയും കൊടുക്കാനുള്ളവർക്ക് ഉടൻ നൽകാൻ തീരുമാനിച്ചു.

<u>സംസ്ഥാന സമ്മേളനം</u>

2017 മെയ് 9,10,11 തീയതികളിൽ എറണാകുളത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചു. വിപുലമായ സ്വാഗതസംഘം ഉടൻ രൂപീകരിക്കാനും തീരുമാനിച്ചു.

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച്,

| | | |
|---|---|---|
| യൂണിറ്റ് സമ്മേളനം | - | മാർച്ച് 31 ന് |
| ഡിവിഷൻ സമ്മേളനം | - | ഏപ്രിൽ 15 നുമുമ്പ് |
| ജില്ലാ സമ്മേളനം | - | ഏപ്രിൽ 30 നുമുമ്പ് |

എല്ലാ ഡിവിഷൻ കമ്മിറ്റികളും യൂണിയൻ വെബ്സൈറ്റിലുള്ള അതത് ഡിവിഷന്റെ മെമ്പർഷിപ്പ് രജിസ്റ്റർ പ്രിന്റെടുത്ത് തെറ്റുകൾ തിരുത്തി മാർച്ച് 20 നകം കേന്ദ്ര കമ്മിറ്റി ആഫീസിൽ എത്തിക്കണം. 15 അംഗത്തിന് ഒന്ന് എന്ന കണക്കിൽ പ്രതിനിധികളുടെ ലിസ്റ്റ് ഏപ്രിൽ 20 നകം (ഇതൊന്നിച്ചയക്കുന്ന ഫോമിൽ) കേന്ദ്ര കമ്മിറ്റി ആഫീസിൽ എത്തിക്കണം. എല്ലാ അംഗങ്ങളിൽനിന്നും ഏപ്രിൽ 1 ന്തന്നെ 500 രൂപ വച്ച് ശേഖരിച്ച് യൂണിയന്റെ കേന്ദ്രക്കമ്മിറ്റി അക്കൗണ്ടിൽ അടയ്ക്കണം. PDA വരുമ്പോൾ SA മാരുടെ നിലവിലുള്ള തസ്തിക നിലനിർത്തുന്നതിലേക്കായി ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിൽ എടുക്കേണ്ട നിലപാടുകൾ ചർച്ച ചെയ്തു. AE ചെയ്യുന്ന മിനിസ്റ്റീരിയൽ വർക്കുൾപ്പടെ SA ക്ക് നൽകി, നിലവിലുള്ള തസ്തികകൾ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കും. സെക്ഷനാഫീസുകളെ Area, Number of consumer, Geographical area പരിഗണിച്ച് വിവിധ ക്ലാസ്സുകളായി തരംതിരിക്കണം.

കോടതി കേസുകളിൽ മുടങ്ങിക്കിടക്കുന്ന മീറ്റർ റീഡർ, സബ് എഞ്ചിനീയർ, ഓവർസിയർ പ്രമോഷനുകൾ ഉടൻ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുവാൻ കൗൺസിൽ തീരുമാനിച്ചു. നമ്മുടെ ശക്തമായ ഇടപെടലുകൾകൊണ്ട് 10 മാസമായി മുടങ്ങിക്കിടന്ന ആശ്രിത നിയമനം നടത്തുവാൻ സാധിച്ചു. ക്വാർട്ടേസുകളിൽ താമസിക്കുന്ന ജീവനക്കാരുടെ ടാക്സ് സംബന്ധിച്ച വിഷയത്തിലും ബോർഡ് തലത്തിൽ തീരുമാനമെടുപ്പിക്കുവാൻ സാധിച്ചു.

മാതൃസംഘടനയുമായി ലയിക്കാൻ തയ്യാറായി വരുന്ന എല്ലാവരുമായി ചർച്ച ചെയ്യുവാൻ ജില്ലാ/ഡിവിഷൻ കമ്മിറ്റികളെ ചുമതലപ്പെടുത്തി. നിലവിൽ നമ്മൾ പിന്തുടരുന്ന സംഘടനാ രീതികളും അച്ചടക്കങ്ങളും അംഗീകരികരിക്കുന്ന എല്ലാവരേയും സ്വീകരിക്കണമെന്ന് കൗൺസിൽ തീരുമാനിച്ചു.

മാവേലിക്കര ഡിവിഷന്റെ കീഴിലുള്ള നൂറനാട് ഇലക്ട്രിക്കൽ സെക്ഷനിലെ ഓവർസിയറും കോൺഫെഡറേഷൻ മെമ്പറുമായ ശ്രീ.റഹീമിന്റെ (അടുത്തിടെ കിഡ്നി മാറ്റി വയ്ക്കപ്പെട്ട വ്യക്തി) ചികിത്സാ ചിലവിലേക്ക് എല്ലാ ഡിവിഷൻ കമ്മിറ്റികളും സഹായം നൽകണം. മാവേലിക്കര ഡിവിഷൻ കമ്മിറ്റിയോട് നേരിട്ട് ബന്ധപ്പെടേണ്ടതാണ്.

NB: പ്രതിനിധികളുടെ ഫോട്ടോ അയച്ച് തരണം. (യൂണിയന്റെ വെബ്സൈറ്റിൽ ഫോട്ടോയുള്ളവർ ഫോട്ടോ അയച്ച് തരണമെന്നില്ല.

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി